(4) ഉദ്യോഗസ്ഥർ ഹാജരാകാത്തത് സംബന്ധിച്ച്

2016 ജൂലൈ 12-ാം തീയതി 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിച്ച ചർച്ചാവേളയിൽ ധനകാര്യ വകുപ്പിലെ പ്രധാന ഉദ്യോഗസ്ഥർ ഗ്യാലറിയിലില്ലെന്നുള്ളത് ദൗർഭാഗ്യകരമാണെന്നും ഇതുസംബന്ധിച്ച റൂളിംഗ് ഉണ്ടാകണമെന്നും പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെട്ടു.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി*

"ധനകാര്യവകുപ്പിലെ പ്രധാന ഉദ്യോഗസ്ഥർ ഗ്യാലറിയിൽ ഹാജരാകാതിരുന്ന സാഹചര്യം പരിശോധിച്ച് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്."

---

* XIV KLA/I Session Vol.162 Report No. 10 dated 12-07-2016